# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 5737.** **09/07/2012 - ലെ മറുപടിക്ക്**

### ഈ വർഷത്തെ പ്ലസ് വൺ പ്രവേശനത്തിലെ അപാകതകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ജമീലാ പ്രകാശം :<br>ശ്രീ. മാത്യു.റ്റി.തോമസ്: | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഈ വർഷത്തെ പ്ലസ് വൺ പ്രവേശനത്തിലെ ആദ്യ അലോട്ട്മെന്റിൽ എത്ര വിദ്യാർത്ഥികൾക്കാണ് പ്രവേശനം നല്കിയതെന്നും ഇതിൽ കേരള സിലബസ് വിദ്യാർത്ഥികൾ എത്ര; മറ്റ് സിലബസ് വിദ്യാർത്ഥികൾ എത്ര എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ ഈ വർഷത്തെ പ്ലസ് വൺ പ്രവേശനത്തിലെ ആദ്യ അലോട്ട്മെന്റിൽ ആകെ 2,07,847 കുട്ടികൾ അഡ്മിഷൻ നേടി. ഇതിൽ 1,97,418 പേർ എസ്.എസ്.എൽ.സി പാസ്സായവരും 10,429 പേർ മറ്റ് സിലബസുകളിൽ 10-ാം ക്ലാസ് പാസ്സായവരും ആണ്. |
| (ബി) പ്രവേശനത്തിലെ അപാകതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചപ്പോൾ ബോണസ് പോയിന്റുകൾ ലഭിക്കുന്ന സി.ബി.എസ്.ഇ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി പാസ്സായ അത്തരം വിദ്യാർത്ഥികൾക്ക് മുകളിൽ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെടുകയുണ്ടായി ഉടൻതന്നെ ഗ്രെയ്ഡ് പോയിന്റ് കണ്ടെത്തുന്ന ഫോർമുലയിൽ ഉചിതമായ മാറ്റം വരുത്തുകയും അപാകത പരിഹരിക്കുകയും ചെയ്തു.<br>ഗ്രെയ്ഡ് പോയിന്റ് കണക്കാക്കുന്നതിനുള്ള ആദ്യ സൂത്രവാക്യത്തിൽ അപേക്ഷകന്റെ അക്കാദമിക മികവും ബോണസ് പോയന്റുകളും താഴെകാണിച്ചിരിക്കുന്ന വിധം ഒന്നായിട്ടാണ് എടുത്തിരുന്നത്. |

<u>അദ്യ സൂത്രവാക്യം</u>

$$WGPA = \frac{TGP+GSW+BP-MP}{TS+TSW}$$

WGPA - Weighted Grade Point Average.
TGP - Total Grade Point
GSW- Total Grade Value of Subjects for which Weightage is given
TS - Total number of Subjects
TSW- Total number of Subjects for which Weightage is given
BP - Bonus Point
MP - Minus Point

ടി ഫോർമുല പ്രയോഗിക്കുമ്പോൾ യോഗ്യതാ പരീക്ഷയിൽ ഒരേ ഗ്രേഡ് നേടിയ ബോണസ് പോയിന്റുകൾ ലഭിക്കുന്ന സി.ബി.എസ്.ഇ സിലബസിലുള്ള അപേക്ഷകർ എസ്.എസ്.എൽ.സി പാസ്സായ അപേക്ഷകരെക്കാൾ മികച്ച റാങ്കുകൾ നേടുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഈ അപാകത ഗ്രേഡ് പോയിന്റ് കണക്കാക്കാനുള്ള സൂത്ര വാക്യത്തെ താഴെകൊടുത്തിരിക്കുന്ന വിധം ശാത്രീയമായി പരിഷ്കരിച്ച് പൂർണ്ണമായി പരിഹരിച്ചു.

$$WGPA = \frac{TGP+GSW}{TS+TSW} + \frac{(BP-MP)}{10}$$

അഡ്മിഷൻ എടുക്കുവാനുള്ള പ്രധാന അലോട്ട്മെന്റുകൾ അപാകതകൾ കൂടാതെ ആണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. യോഗ്യതാ പരീക്ഷയിൽ ഒരേ ഗ്രെയ്ഡ് ലഭിച്ച് എസ്.എസ്.എൽ.സി പാസ്സായ അപേക്ഷകരേയും മറ്റു സിലബസുകളിൽ പത്താം ക്ലാസ് പാസ്സായ വിദ്യാർത്ഥികളും തുല്യമായിട്ടാണ് മുഖ്യ അലോട്ട്മെന്റുകളിൽ പരിഗണിച്ചിട്ടുള്ളത്.

(signature)

**സെക്ഷൻ ഓഫീസർ.**